**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 894** | **02-02-2026 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ചാക്കുടി-കടമ്പവാരം, ചൂട്ടയിൽ, കടമ്പറക്കോണം - ഭാസ്കർ, കരിമ്പാലോട്, വടശ്ശേരിക്കോണം അംബേദ്കർ, കരവാരം-പച്ചക്കുളം എന്നീ ഉന്നതികളിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | **1. ചാക്കുടി കടമ്പ്രവാരം (2020- 21)**<br><br>സംരക്ഷണ ഭിത്തി, ഓട നിർമ്മാണം, നടപ്പാത ഇന്റർലോക്ക് ഇടൽ, റോഡ് കോൺക്രീറ്റ് എന്നിവ പൂർത്തിയായിട്ടുണ്ട്. 7 വീടുകളുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>**2. ചൂട്ടയിൽ (2021-22)**<br><br>ഭവന പുനരുദ്ധാരണം, ഡ്രെയിനേജ്, ഇന്റർലോക്ക്, റീറ്റെയിനിങ് വാൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇലക്ട്രിക് പോസ്റ്റ് പുതുതായി സ്ഥാപിക്കാൻ KSEB എസ്റ്റിമേറ്റ് എടുത്തു.<br><br>**3. കടമ്പറക്കോണം ഭാസ്കർ ഗ്രാമം (2021-22)**<br><br>8 വീടുകളുടെ അറ്റകുറ്റ പണികളും ഡ്രെയിനേജ് പണിയും പൂർത്തീകരിച്ചിട്ടുണ്ട്. Retaining wall ന്റെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. LED ലൈറ്റിനുവേണ്ടി 2 പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടാറിംഗ് ഒഴിവാക്കി പകരം റോഡ് കോൺക്രീറ്റ് ചെയ്തു.<br><br>**4. കരിമ്പാലോട് (2022-23)**<br><br>നിർമ്മാണോദ്ഘാടനം കഴിഞ്ഞു. Retaining Wall നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.<br><br>**5.വടശ്ശേരിക്കോണം അംബേദ്കർ ഗ്രാമം (ചെറുന്നിയൂർ അംബേദ്കർ ഗ്രാമം)(2023-24)**<br><br>ഭവന പുനരുദ്ധാരണം നടപ്പിലാക്കാൻ LSGD യ്ക്ക് കഴിയാത്തതിനാൽ ആയത് ഒഴിവാക്കി ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>**6. കരവാരം പച്ചക്കുളം (2025-26)** |

| | | | |
|---|---|---|---|
| | | | നിർവഹണ ഏജൻസിയെ തെരെഞ്ഞെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ